**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 341** **18-07-2022 - ൽ മറുപടിയ്ക്ക്**

**വാണിജ്യ മേഖല പരിപോഷിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വാണിജ്യ മേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സര ക്ഷമത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വാണിജ്യ മേഖലയിൽ നൂതനമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും, വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി "ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്), ജില്ലാ തലത്തിൽ എം.എസ്.എം.ഇ എക്സിബിഷനുകൾ, അഗ്രോ ഫുഡ് ഫെസ്റ്റ്, മലബാർ ക്രാഫ്റ്റ് മേള" തുടങ്ങിയ നിരവധി പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം മുതൽ താലൂക്ക് തലത്തിൽ എക്സിബിഷൻ നടത്താനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>**<u>ബി2ബി വെബ്ബ് പോർട്ടൽ</u>**<br><br>കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള ഒരു വെബ്പോർട്ടൽ (www. keralaemarket.com/www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചു. ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെകുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും.<br><br>**<u>വാണിജ്യ മിഷൻ</u>** |

കേരളബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അത് വഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി വാണിജ്യ മിഷൻ രൂപീകരിച്ചു.

**<u>ബിസിനസ് ടു ബിസിനസ് മീറ്റ് - വ്യാപാർ</u>**

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ദേശീയതലത്തിൽ പുതിയ വിപണി കണ്ടെത്തുന്നതിനും ദേശീയ തലത്തിലുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനും ബിസിനസ്സ് മീറ്റായ 'വ്യാപാർ 2022' സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും മേളയിൽ പ്രദർശിപ്പിച്ചു.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു ഉദ്ദേശിച്ച് 'കേരള ബ്രാൻഡ്' സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും, സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) -യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

കൂടാതെ, ഭക്ഷ്യസംസ്കരണ മേഖലയിൽപ്പെട്ട സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ വിപണനസാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള "കേരള അഗ്രോ ഫുഡ് പ്രോ", കരകൗശല മേഖലയുടെ സർവ്വതോന്മുഖമായ വികാസത്തിനായി "മലബാർ ക്രാഫ്റ്റ്സ് മേളയും" എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. കൊച്ചി ഇൻഫോപാർക്കിന് സമീപം 10 ഏക്കർ ഭൂമിയിൽ 90

| | | | |
|---|---|---|---|
| | | | കോടി രൂപ ചെലവിൽ 65000 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള എക്സിബിഷൻ, കൺവെൻഷൻ, അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുന്ന അന്താരാഷ്ട്ര എക്സിബിഷൻ കം കൺവെൻഷൻ സെന്ററിന്റെ നിർമ്മാണോത്ഘാടനം 2022 ജൂൺ 23 -ന് നടന്നു. |
| (ബി) | സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വാണിജ്യ മേഖലയിൽ നൂതനമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും, വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി "ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്), ജില്ലാ തലത്തിൽ എം.എസ്.എം.ഇ എക്സിബിഷനുകൾ, അഗ്രോ ഫുഡ് ഫെസ്റ്റ്, മലബാർ ക്രാഫ്റ്റ് മേള" തുടങ്ങിയ നിരവധി പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം മുതൽ താലൂക്ക് തലത്തിൽ എക്സിബിഷൻ നടത്താനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>**<u>ബി2ബി വെബ് പോർട്ടൽ</u>**<br><br>കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള ഒരു വെബ്പോർട്ടൽ (www. keralaemarket.com/www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചു. ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെകുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും.<br><br>**<u>വാണിജ്യ മിഷൻ</u>**<br><br>കേരളബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അത് വഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി വാണിജ്യ മിഷൻ രൂപീകരിച്ചു.<br><br>**<u>ബിസിനസ് ടു ബിസിനസ് മീറ്റ് - വ്യാപാർ</u>** |

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ദേശീയതലത്തിൽ പുതിയ വിപണി കണ്ടെത്തുന്നതിനും ദേശീയ തലത്തിലുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനും ബിസിനസ്സ് മീറ്റായ 'വ്യാപാർ 2022' സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും മേളയിൽ പ്രദർശിപ്പിച്ചു.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു ഉദ്ദേശിച്ച് 'കേരള ബ്രാൻഡ്' സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും, സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) -യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

കൂടാതെ, ഭക്ഷ്യസംസ്കരണ മേഖലയിൽപ്പെട്ട സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ വിപണനസാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള "കേരള അഗ്രോ ഫുഡ് പ്രോ", കരകൗശല മേഖലയുടെ സർവ്വതോന്മുഖമായ വികാസത്തിനായി "മലബാർ ക്രാഫ്റ്റ്സ് മേളയും" എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. കൊച്ചി ഇൻഫോപാർക്കിന് സമീപം 10 ഏക്കർ ഭൂമിയിൽ 90 കോടി രൂപ ചെലവിൽ 65000 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള എക്സിബിഷൻ, കൺവെൻഷൻ, അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുന്ന അന്താരാഷ്ട്ര എക്സിബിഷൻ കം കൺവെൻഷൻ സെന്ററിന്റെ നിർമ്മാണോത്ഘാടനം 2022 ജൂൺ 23 -ന് നടന്നു.

| | | | |
|---|---|---|---|
| (സി) | ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാര മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ MSME എക്സിബിഷനുകൾ നടത്തി വരുന്നുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം താലൂക്ക് തലത്തിലുള്ള എക്സിബിഷനുകൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, പ്രധാന ഉത്സവകാല തീർത്ഥാടന അനുബന്ധ വിപണനം കണ്ടെത്തുന്നതിനായി ശബരിമല തീർത്ഥാടനം, ആറ്റുകാൽ പൊങ്കാല മുതലായ സന്ദർഭങ്ങളിൽ പ്രാദേശിക വ്യാപാര മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. യുവജനങ്ങൾക്കായുള്ള ഇ.ഡി ക്ലബ് കോൺക്ലേവ് - MSME Summit എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. 'കേരള കൈത്തറി' എന്ന ബ്രാന്റ് നെയിമിൽ നിർമ്മിക്കുന്ന മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് വിവിധ ജില്ലകളിൽ കൈത്തറി മേളകൾ നടത്തി വരുന്നു. കയർ/ പ്രകൃതിദത്ത നാര് ഉൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര പ്രദർശന വിപണന മേളയായ 'കയർ കേരള' 2011 മുതൽ ആലപ്പുഴയിൽ നടത്തിവരുന്നു. |
| (ഡി) | സംസ്ഥാനത്തെ വാണിജ്യ സംരംഭങ്ങളുടെ നവീകരണത്തിനായി ശേഷി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സൂക്ഷ്മ ഇടത്തരം മന്ത്രാലയത്തിന്റെ സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ എം.എസ്.ഇ.-സി.ഡി.പി. പദ്ധതി പ്രകാരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (CFC) സ്ഥാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. നാളിതുവരെ 16 കോമൺ ഫെസിലിറ്റി സെന്ററുകളുടെ (CFC) പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു, ഇതിൽ 7,522.45 ലക്ഷം രൂപയുടെ 12 CFC പ്രോജക്ടുകൾ പൂർത്തീകരിച്ച് കമ്മിഷൻ ചെയ്തിട്ടുണ്ട്.<br><br>എം.എസ്.ഇ.-സി.ഡി.പി. പദ്ധതി പ്രകാരം 15.91 കോടി രൂപയുടെ കാലടി സ്റ്റീൽ കൺസോർഷ്യം കോമൺ ഫെസിലിറ്റി സെന്ററും 21,000 ചതുരശ്ര അടിയിൽ പെരുമ്പാവൂരിൽ സ്ഥാപിക്കുന്ന കോമൺ ഫെസിലിറ്റി സെന്ററും (CFC) കമ്മീഷൻ ചെയ്യുന്നതോടെ ഉത്പാദനം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇരട്ടിയാക്കാനും ഉൽപ്പാദനച്ചെലവ് 10% കുറയ്ക്കാനും സാധിക്കും. |

സെക്ഷൻ ഓഫീസർ